# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2250 8/12/2015-ൽ മറുപടിക്ക്**

## വൈദ്യുതി ഉത്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഇപ്പോൾ പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത്; ഏതൊക്കെ പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി വീതമാണ് പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; വിവിധ പദ്ധതികളിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എത്ര രൂപ ചെലവ് വരും എന്ന് ഇനം തിരിച്ച് വ്യക്തമാക്കുക;<br><br>(ബി) എത്ര രൂപ നിരക്കിലാണ് ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നത്; വൈദ്യുതി ഉൽപ്പാദനവും വിതരണവും തമ്മിലുള്ള വ്യത്യാസം എത്രയാണ്; അധിക വൈദ്യുതിയുടെ ഉപഭോഗം എവിടെ നിന്നാണ് നികത്തുന്നത്; ഒരു യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് നൽകുന്നത്; | **(എ)യും (ബി)യും**<br><br>നവംബർ 2015 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് പ്രതിദിനം ശരാശരി 13.6249 ദശലക്ഷം യൂണിറ്റ് വൈദ്യുതി യാണ് ഉത്പാദിപ്പിക്കുന്നത്. ഇതിൽ ശരാശരി പ്രതിദിനം 13.43 ദശലക്ഷം യൂണിറ്റ് വൈദ്യുതി ബോർഡിന്റെ തനതു ജലവൈദ്യുത നിലയങ്ങളിൽ നിന്നും (പ്രതിദിനം ശരാശരി 0.189 ദശലക്ഷം യൂണിറ്റ് വൈദ്യുതി ബോർഡിന്റെ തനതു താപവൈദ്യുത നിലയ-ങ്ങളിൽ നിന്നും) ശരാശരി 4700 യൂണിറ്റ് വൈദ്യുതി കാറ്റാടി നിലയങ്ങളിൽ നിന്നും ശരാശരി 1700 യൂണിറ്റ് വൈദ്യുതി സൗരോർജ്ജപദ്ധതികളിൽ നിന്നും ഉല്പാദിപ്പി-ക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ മൊത്തം വൈദ്യുതി ആവശ്യകതയുടെ 23.7% മാത്രമേ ആഭ്യന്തരമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞുള്ളു.<br><br>2014-15-ൽ ഏകദേശം 33.37 ശതമാനം മാത്രമേ ആഭ്യന്തര മായി ഉത്പാദിപ്പിച്ചിട്ടുള്ളൂ. ബാക്കി ആവശ്യകത നിറവേറ്റാനായി കേന്ദ്ര പൂളിൽ നിന്നും ആർ.ജി.സി.സി.പി.പി ഉൾപ്പെടെയുള്ള മറ്റ് ഐ.പി.പി.കളിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും വൈദ്യുതി വാങ്ങേണ്ടതായി വരുന്നുണ്ട്. |

(....2)

2014-15-ലെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം കെ.എസ്.ഇ.ബി.യുടെ പദ്ധതികളിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ശരാശരി ചെലവ് 98 പൈസയാണ്. ബോർഡിന്റെ തനതു താപവൈദ്യുത നിലയങ്ങളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് യൂണിറ്റൊന്നിന് ശരാശരി 10 രൂപ 57 പൈസ 2014-15-ൽ ചെലവായിട്ടുണ്ട്. 2014-15 കണക്കുകൾ പ്രകാരം കേന്ദ്രപൂളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് ശരാശരി 3 രൂപ 56 പൈസയും ആർ.ജി.സി.സി.പി.പി.യിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് ശരാശരി 15 രൂപ 10 പൈസയും മറ്റ് ഐ.പി.പി.കളിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് യൂണിറ്റൊന്നിന് 5 രൂപ 20 പൈസയും വേണ്ടി വരുന്നു. അപ്രകാരം 2014-15-ലെ ശരാശരി വൈദ്യുതി വാങ്ങൽ ചെലവ് യൂണിറ്റിന് ശരാശരി 4 രൂപ 63 പൈസ ആണ്. ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിൽ എത്തിക്കുമ്പോഴുണ്ടാകുന്ന ചെലവ് 2014-15-ലെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 6 രൂപ 35 പൈസ ആണ്. ഉപഭോക്താവിൽ നിന്നും ലഭിക്കുന്ന നിരക്ക് യൂണിറ്റൊന്നിന് ശരാശരി 5 രൂപ 2 പൈസ ആണ്.

(....3)

(സി) വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏറ്റവും അധികം ലഭ്യമാകുന്ന സോളാർ എനർജി ഉപയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; സർക്കാർ സ്ഥാപനങ്ങളിലെല്ലാം സോളാർ എനർജി പദ്ധതി നടപ്പാക്കിയാൽ വൈദ്യുതി ചാർജ് ഇനത്തിൽ കോടിക്കണക്കിന് രൂപ ലാഭിക്കാൻ കഴിയുന്ന എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>(സി)യും (ഡി)യും</u>

വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സൗരോർജ്ജ/കാറ്റിൽ നിന്നുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

കെ.എസ്.ഇ.ബി.യുടെ ഉത്പാദന, പ്രസരണ വിതരണ മേഖലകളിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം വൈദ്യുതി ഭവന് മുകളിലും സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനെർട്ട് മുഖേന വിവിധ സർക്കാർ കെട്ടിടങ്ങളിൽ 363 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തിയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| | ആകെ | 1.146 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി.യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്റ്റഡ് (17 നം.) | 0.700 | നിർമ്മാണം ആരംഭിച്ചു |
| 2 | പാലക്കാട് 5 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.047 | നിർമ്മാണം ആരംഭിച്ചു |
| 3 | പാലക്കാട് 10 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.0845 | 04.11.2015 ൽ കരാർ ഒപ്പ് വച്ചു |
| 4 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത് | 1.25 | വർക്ക് ഓർഡർ നൽകി |
| 5 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 29.10.2015 ൽ കരാർ ഒപ്പ് വച്ചു |
| 6 | പടിഞ്ഞാറത്തറ ഡാം | 0.400 | വർക്ക് ഓർഡർ നൽകി |
| | ആകെ | 3.4815 | |

## ടെൻഡർ ക്ഷണിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 | ടെൻഡർ നടപടികൾ |

| | | | |
|---|---|---|---|
| 2 | ബാണാസുരസാഗർ റിസർവ്വോയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | വർക്ക് അവാർഡ് ചെയ്തു |
| 3 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | വർക്ക് ഓർഡർ നൽകി |
| 4 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | വർക്ക് ഓർഡർ നൽകി |
| 5 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | ടെൻഡർ വിളിച്ചു |
| 6 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | ടെൻഡർ വിളിച്ചു |
| 7 | പൊന്നാനി, മലപ്പുറം | 0.50 | ടെൻഡർ വിളിച്ചു |
| 8 | കൊട്ടിയം, കൊല്ലം | 0.60 | ടെൻഡർ വിളിച്ചു |
| 9 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | വർക്ക് ഓർഡർ നൽകി |
| 10 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | ടെൻഡർ വിളിച്ചു |
| 11 | പീരുമേട്, ഇടുക്കി | 0.50 | ടെൻഡർ വിളിച്ചു |
| 12 | മാടക്കത്തറ & ചുളിശ്ശേരി, തൃശ്ശൂർ | 1.50 | ടെൻഡർ വിളിച്ചു |
| 13 | ഏറ്റുമാനൂർ, കോട്ടയം | 1.00 | ടെൻഡർ വിളിച്ചു |
| 14 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | ടെൻഡർ വിളിച്ചു |
| 15 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | ടെൻഡർ വിളിച്ചു |
| 16 | മയിലാട്ടി, കാസർഗോഡ് | 1.00 | ടെൻഡർ വിളിച്ചു |
| | ആകെ | 15.4 | |

## ലക്ഷ്യം വയ്ക്കുന്ന പുതിയ സൗരോർജ്ജ/കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | കമ്പമല എസ്റ്റേറ്റ് | 0.040 | ഫോറസ്റ്റിന്റെ അനുമതി ലഭിച്ചിട്ടില്ല |
| 2 | കാസർഗോഡ് സോളാർ പാർക്ക് ഗ്രിഡ് കണക്റ്റഡ് ഗ്രൗണ്ട് | 200.00 | 487.71 ഏക്കർ സ്ഥലം 07.10.2015 ൽ എടുത്ത് ജോയിന്റ് വെഞ്ചർ കമ്പനി സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു |
| 3 | കൊച്ചി ഫോർട്ട് ട്രസ്റ്റിൽ കെ.എസ്.ഇ.ബി യുടെ സ്ഥലത്ത് | 5 മെഗാവാട്ട് | |

| | | | |
|---|---|---|---|
| 4 | ചതുരംഗപ്പാറയിൽ മൈഗ്രോ ഗ്രിഡ് പദ്ധതി | 500 കിലോ വാട്ട് സോളാർ 800 കിലോ വാട്ട് വിൻഡ് | സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട്. |
| 5 | അഗളി മോഡൽ പദ്ധതികൾ | 2 മെഗാവാട്ട് | സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട് |
| 6 | പൂവാർ ഫിഷർമെൻ കോളനി | 1 മെഗാവാട്ട് വിൻഡ് | |
| | ആകെ സോളാർ | 208.54 | |
| | ആകെ വിൻഡ് | 0.8 | |

| | | | | |
|---|---|---|---|---|
| | | കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതികൾ | | |
| (a) | 2012-13 | സ്വകാര്യ സംരംഭകർ വഴിയുള്ള പദ്ധതികൾ | ANERT ൽ നിന്നും ലഭ്യമാക്കേണ്ടതാണ് | |
| (b) | 2013-14 | കഞ്ചിക്കോട് കാറ്റാടിപ്പാടം INOX എന്ന കമ്പനിയുടെ പദ്ധതി | 22 മെഗാവാട്ട് | ANERT ൽ നിന്നും സാങ്കേതിക അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ( c) | 2013-14 | NTPC സഹായത്തോടെ 200 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം | | |
| (d) | | കാറ്റാടിപ്പാടത്തിന്റെ ശേഷി 100 മെഗാവാട്ട് ആയി ഉയർത്തുക | | |
| | | NHPC യും കെ.എസ്.ഇ.ബി യുമായി ചേർന്ന് കാറ്റിൽ നിന്നുള്ള പദ്ധതി. | 82 മെഗാവാട്ട് | ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. |
| | | മിഷൻ 676-ൽ ഉൾപ്പെട്ട ത്തിയിരുന്ന പദ്ധതി | | |
| 1. | | കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിലെ ചതുപ്പുനിലങ്ങളിൽ നാഷണൽ ഹൈഡ്രോ പവർ കോർപറേഷനുമായി ചേർന്ന് സൗരോർജ്ജ പ്ലാന്റ്. | 50 മെഗാവാട്ട് | NHPC യും കെ.എസ്.ഇ.ബിയും ധാരണപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ട്. |

ആര്യാടൻ മുഹമ്മദ്